(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂരിൽ ഗുരുവായൂർ പി.എസ്. ക്രൈം. നം. 102/03-ൽ 4 പേരെയും തമിഴ്നാട്ടിൽ മലപ്പുറം സ്വദേശികളായ 7 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ അന്വേഷണ ഏജൻസിയും മുംബൈ പോലീസും അന്വേഷണം നടത്തുന്നതായി അറിവുള്ളതാണ്. കൂടാതെ സംസ്ഥാന വിജിലൻസും അന്വേഷണം നടത്തിവരുന്നതാണ്. അന്വേഷണാവസ്ഥയിലായതിനാൽ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

നഗരവികസനത്തിനുവേണ്ടി നൂതന പദ്ധതികൾ

7 (*157) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഡി. സുഗതൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര വികസനത്തിനുവേണ്ടി നൂതനപദ്ധതികൾക്ക് രൂപം കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് ;

(സി) നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമം എന്താണ് ;

(ഡി) പ്രസ്തുത പദ്ധതി അനുമതി നൽകേണ്ട അധികാരം ആർക്കാണ് ;

(ഇ) ഈ പദ്ധതി പ്രകാരം എത്ര തുക വരെയുള്ള സ്കീമുകൾക്കാണ് രൂപം നൽകുവുന്നത് ;

(എഫ്) നൂതന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള തുക കണ്ടെത്തുന്നത് എപ്രകാരമാണ് എന്ന് വിശദീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഭൗതികവും, സാമ്പത്തികവുമായ വികസനത്തിനാവശ്യമായ നൂതന പദ്ധതികൾ അതാത് നഗരസഭകളാണ് ആവിഷ്ക്കരിക്കുന്നത്. തലസ്ഥാന നഗരവികസനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നഗരസഭകൾ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

(ഡി) കേരള വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾക്ക് അനുമതി നൽകുന്നത് അതാത് ജില്ലാ ആസൂത്രണ സമിതികളാണ്. മരാമത്ത് പണികൾക്ക് ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ കൂടി അംഗീകാരം ആവശ്യമാണ്.

(ഇ) പ്രത്യേക പരിധിയൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(എഫ്) പദ്ധതി വിഹിതം ഉപയോഗിച്ചോ, നഗര സഭകളുടെ സ്വന്തം ഫണ്ടിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തോ സ്വകാര്യ നിക്ഷേപം സ്വീകരിച്ചോ ഫണ്ട് കണ്ടെത്താവുന്നതാണ്.

സർക്കാർ ആശുപത്രികളിലെ മരുന്ന് ദൗർലഭ്യം

8 (*158) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ നേരിടുന്ന മരുന്ന് ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സർക്കാർ ആശുപത്രികളിൽ അത്യാവശ്യ മരുന്നുകൾ സൂക്ഷിക്കണമെന്ന ഉറപ്പ് പാലിക്കപ്പെടുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ മിക്ക ആശുപത്രികളിലും ജീവൻരക്ഷാ മരുന്നുകൾ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പേ വിഷബാധക്ക് ഉപയോഗിക്കുന്ന വാക്സിനുകൾ സംസ്ഥാനത്തെ ആശുപത്രികളിൽ ലഭിക്കാതായിട്ട് മാസങ്ങളായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് പറയാമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്യാവശ്യ മരുന്നുകൾ സംഭരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവൻ രക്ഷാ മരുന്നുകൾ സംഭരിക്കുവാൻ വേണ്ട എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പേ വിഷബാധക്കുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly